വിദ്യാഭ്യാസ അവകാശം
സർവ ശിക്ഷാ അഭിയാൻ


**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം**

എസ്.എസ്.എ.ഭവൻ, നന്ദാവനം, തിരുവനന്തപുരം - 695 033, കേരളം

ഫോൺ : 04712320826, 2320352 ഫാക്സ് : 04712320703

ഇ-മെയിൽ : ssakerala@gmail.com വെബ്സൈറ്റ് : www.keralassa.org


---

നം. എ1/1795/2018/എസ്.എസ്.എ. തീയതി :21 .05.2018

## സർക്കുലർ

വിഷയം: എസ്.എസ്.എ.- ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച് .

സംസ്ഥാനത്തെ മുഴുവൻ സർക്കാർ/അർദ്ധ സർക്കാർ ഓഫീസുകളിലും, ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ഐ.എം.ജി.യിൽ സംഘടിപ്പിച്ച സംസ്ഥാനതല നോഡൽ ഓഫീസർമാരുടെ ഏകദിന പരിശീലന ക്യാമ്പിൽ, ഗ്രീൻപ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ ഓഫീസുകളിലും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് നിർദ്ദേശികയുണ്ടായി. ആയതിൻ പ്രകാരം ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കേണ്ടതും വിവരം സ്റ്റേറ്റ്പ്രോജക്ട് ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

1. എസ്.എസ്.എ.യുടെ കീഴിലുള്ള എല്ലാ ഓഫീസുകലിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയോഗിക്കേണ്ടതും, അങ്ങനെ നിയോഗിയ്ക്കപ്പെടുന്ന ഉദ്യോഗസ്ഥൻ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്ന പരിപാടിയ്ക്ക് നേതൃത്വം നൽകേണ്ടതുമാണ്.
2. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള ബോധവൽക്കരണ പ്രചാരണ പരിപാടികൾക്കായി ഓഫീസുകളിൽ തുണിയിലുള്ള ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.
3. ഓഫീസുകളിൽ മാലിന്യം പരമാവധി കുറയ്ക്കുന്നതിന്റെ ഭാഗമായി ഭക്ഷണ സാധനങ്ങൾ ആവശ്യത്തിന് മാത്രം കൊണ്ടുവരേണ്ടതും അവ കൊണ്ടുവരാൻ സ്റ്റീൽ പാത്രങ്ങൾ ഉപയോഗിയ്ക്കേണ്ടതുമാണ്.
4. ഓഫീസിൽ മാസത്തിൽ ഒരുദിവസം"ഗ്രീൻ ഡേ" യായി ആചരിയ്ക്കണം.
5. ഓഫീസുകളിൽവച്ചു നടക്കുന്ന ചടങ്ങുകളിൽ പ്ലാസ്റ്റിക്, ഫെളക്സ് പ്ലാസ്റ്റിക് നിർമ്മാണ വസ്തുക്കൾ എന്നിവ കർശനമായും നിരോധിയ്ക്കേണ്ടതാണ്.
6. ജൈവ മാലിന്യങ്ങൾ തരംതിരിച്ച് (അഴുകുന്നതും, അല്ലാത്തതും) പ്രത്യേകം സംസ്കരിച്ച് അവ ചെടികൾക്കും, പച്ചക്കറി കൃഷിയ്ക്കും ഉപയോഗിയ്ക്കാൻ തക്കവണ്ണം, ഓഫീസുകളിൽ സ്ഥലം ഉണ്ടെങ്കിൽ പച്ചക്കറിത്തോട്ടങ്ങളും പൂന്തോട്ടങ്ങും വച്ച് പിടിപ്പിയ്ക്കേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതും താങ്കളുടെ ബ്ലോക്ക് റിസോഴ്സ് സെന്ററുകൾക്ക് ഇക്കാര്യത്തിൽ നിർദ്ദേശം നൽകേണ്ടതും അതു പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഒപ്പ് )
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

പകർപ്പ്: എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും
എല്ലാ സെക്ഷനുകളിലും,എല്ലാ ഓഫീസർമാർക്കും (അറിവിലേയ്ക്കായി)

ഉത്തരവിൻ പ്രകാരം
Deepkumari
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്